# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ണമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.14/2579/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/12/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.14/2579/2022 തീയ്യതി: 02/12/2022

## മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-09-2021 മുതൽ 20-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2022 | 31-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-10-2022 | 31-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുന്നാസർ.പി., ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജിഷ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ലത. ഒ.വി. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിജീഷ് മോഹൻ. റ്റി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഹംസ. യു. എം. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ജയലത.വി. | സെക്രട്ടറി | 01-04-2021 | 01-07-2021 |
| ശ്രീ. ഭാസ്ക്കരൻ പുളിക്കാനി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-07-2021 | 13-07-2021 |
| ശ്രീ. രമേഷ്.പി | സെക്രട്ടറി | 14-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുരേഷ് ഗോപിനാഥ പിള്ള | അസി. സെക്രട്ടറി | 01-04-2021 | 12-07-2021 |
| ശ്രീ. ഭാസ്ക്കരൻ പുളിക്കാനി | അസി. സെക്രട്ടറി | 13-07-2021 | 31-03-2022 |
| ശ്രീമതി. ലുബ്ന. ടി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.ജിഷ നഹർ മുസ്തഫ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.ദിവ്യ കെ. രാജ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. സാജിത.പി. എം. | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. നസീമ. കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ജംഷീദ്. കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. മനോജ്. വി. | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.നിഖിൽ ജെ. കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. അബ്ദുസലാം | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-12 |
| 13 | വിവിധ പ്രൊജക്ടുകളിലായി KMSCLൽ നിന്നും 1,55,105/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിയ്ക്കുന്നു | 1-13 |
| 14 | കെൽട്രോണിൽ നിന്ന് പ്രിന്റർ ലഭ്യമാക്കുകയോ തുക തിരിച്ചടവാക്കുകയോ ചെയ്തില്ല- 24,356/- രൂപ തടസ്സം ചെയ്യുന്നു. | 1-14 |
| 15 | പി.എച്ച്.സിയുടെ ആവശ്യത്തിനായി ഓടിയ വാഹനത്തിന് ക്വട്ടേഷൻ നിരക്കിൽ അധികമായി വാടക നൽകി | 1-15 |
| 16 | പോഷകാഹാര വിതരണം - അപാകതകൾ | 1-16 |
| 17 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് -അനുവദനീയമായതിലും കൂടുതൽ തുക നൽകി | 1-17 |
| 18 | അഗതി രഹിത കേരളം - ചലഞ്ച് ഫണ്ട് ചെലവഴിച്ചില്ല. | 1-18 |
| 19 | സോളാർ സിസ്റ്റം സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-19 |
| 20 | മുൻകൂർ പണമടച്ചിട്ടും കമ്പ്യൂട്ടർ ലഭ്യമായില്ല. | 1-20 |
| 21 | കണ്ടിജന്റ് ചെലവുകൾക്കായി നൽകിയ മുൻകൂർ തുക ക്രമീകരിച്ചതിൽ ഒരേ ബില്ലിനു രണ്ടു തവണ തുക നൽകി | 1-21 |
| 22 | വിനിയോഗ വിവരം ലഭ്യമായില്ല- തുക തടസ്സം ചെയ്യുന്നു | 1-22 |
| 23 | മലപ്പുറം ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണ പൂർത്തീകരണം | 1-22-1 |
| 24 | കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക നൽകി | 1-22-2 |
| 25 | വിവിധ വാർഡുകളിലേക്ക് കുടിവെള്ള പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കൽ- | 1-22-3 |

| | | |
|---|---|---|
| | വാട്ടർ അതോറിറ്റിക്ക് തുക നൽകി | |
| 26 | പഞ്ചായത്ത് ഭവൻ നിർമ്മാണ ഫണ്ട് നൽകി വിനിയോഗ വിവരം ഇല്ല | 1-22-4 |
| 27 | ഭവനനിർമാണം പൂർത്തീകരിച്ചില്ല. | 1-23 |
| 28 | കൃഷി ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ ലഭ്യമായില്ല. | 1-24 |
| 29 | അസി. എഞ്ചിനീയറുടെ ട്രഷറി ടി.എസ്.ബി .അക്കൗണ്ടിൽ വിതരണം ചെയ്യാത്ത പണം | 1-25 |
| 30 | എം.സി.എഫ്. നിർമ്മാണം പാതി വഴിയിൽ- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-26 |
| 31 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- അവലോകനം | 1-27 |
| 32 | ടേക്ക്.എ. ബ്രേക്ക് ടോയ്‌ലറ്റ്- ജല ലഭ്യത ഉറപ്പ് വരുത്തിയിട്ടില്ല | 1-28 |
| 33 | മിനി ഡയറി യൂണിറ്റ് - ചെലവിന് ആധികാരികമായ രേഖകൾ ഇല്ല | 1-29 |
| 34 | അസി. എഞ്ചിനീയറുടെ രേഖകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്. | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | 2021-22 ലെ പുതുക്കിയ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി |
|---|---|
| PR No. 1(1)/22.02.2021 | PR No. 1(1)/14.03.2022 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 24.05.2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,67,45,433.95 |
| വരവ് | 15,72,30,338.00 |
| ആകെ | 17,39,75,771.95 |
| ചെലവ് | 14,50,75,484.00 |
| നീക്കിയിരിപ്പ് | 2,89,00,287.95 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് 40(b) പ്രകാരം |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 2,21,00,266 | 2,21,00,266 | 2,21,00,266 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 82,03,000 | 82,03,000 | 82,03,000 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 97,40,000 | 97,40,000 | 72,87,279 | 24,52,721 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 0 | 68,91,148 | 68,91,148 | 37,04,469 | 31,86,679 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 0 | 88,92,691 | 88,92,691 | 53,58,650 | 35,34,041 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് | 0 | 67,10,315 | 67,10,315 | 62,27,748 | 4,82,567 |
| ബി ഫണ്ട് | 0 | 7,01,17,800 | 7,01,17,800 | 7,01,17,800 | 0 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 241 | 12,10,94,673 | 172 | 7,79,65,846 | 0 | 69 | 71.36% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4,584 | 8,32,204 | 8,36,788 | 8,34,741 | 2,047 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,65,70,412 | 1,65,70,412 | 1,65,70,412 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ( ₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,200 | 1 |
| കർഷക തൊഴിലാളി പെൻഷൻ | 26,92,800 | 141 |
| വിധവാ പെൻഷൻ | 2,25,52,600 | 1175 |
| വാർദ്ധക്യകാല പെൻഷൻ | 3,68,58,800 | 1920 |
| വികലാംഗ പെൻഷൻ | 74,26,800 | 387 |
| വിധവകളുടെ പെണ്മക്കൾക്കുള്ള വിവാഹ ധനസഹായം | 2,10,000 | 7 |

| | | |
|---|---|---|
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 3,75,600 | 20 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.10.2022 ന് പകൽ 11.30 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചിരുന്ന 19,930/- രൂപയുടെ ആധികാരികത ഡേ ബുക്ക് പരിശോധിച്ച് ഉറപ്പുവരുത്തി.

## 1-9 ആഭ്യന്തര നിയന്ത്രണം

1. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) സൂക്ഷിച്ചിട്ടുള്ള മെയിൻ ക്യാഷ് ബുക്കിൽ അപാകതകൾ കാണുന്നു. 15.11.2021 തീയ്യതിയിൽ, പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയിനത്തിൽ 2,42,103/- രൂപയും പ്ലാൻ ഫണ്ട് ഇനത്തിൽ 5,500/- രൂപയും നീക്കിബാക്കി ആയി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആകെ തുകയായി 2,47,603/- രൂപയ്ക്ക് പകരം 2,08,903/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ തൊട്ടടുത്ത ദിവസം, പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയിനത്തിൽ മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് 2,03,403/- രൂപയാണ്.
3. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
4. രജിസ്റ്റർ ഓഫ് സർവ്വീസ് ബുക്ക്സ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
5. സർവ്വീസ് ബുക്കുകളിൽ വാർഷിക സർവ്വീസ് വേരിഫിക്കേഷൻ നടത്തുന്നില്ല.
6. ധനകാര്യകമ്മീഷൻ അവാർഡ് തുക ചെലവ് വിവരം ഇ പേയ്മെന്റ് വൗച്ചറിലോ, സെക്രട്ടറിയുടെ ഇ- ബിൽ ബുക്കിലോ ചേർക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.09.2022 | 01.06.2022 To 31.08.2022 | 14.09.2022 |
| എ.ജി ഓഡിറ്റ് | 17.08.2017 To 29.08.2017 | 2012-13 To 2016-17 | 19.10.2017 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. വസ്തു നികുതിയുടെ ഡിമാൻറ്, കളക്ഷൻ, തുകകൾ വാർഷിക കണക്ക്, സഞ്ചയ എന്നിവയിലെ തുകകളുമായി താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| വസ്തു നികുതി | വാർഷികകണക്ക് പ്രകാരം | സഞ്ചയ പ്രകാരം | വ്യത്യാസം |
|---|---|---|---|
| അരിയർ ഡിമാൻറ് | 972180 | 996081 | 23901 |
| തൻ വർഷ കളക്ഷൻ | 6384108 | 6384665 | 557 |

2. തൊഴിലുറപ്പ് പദ്ധതി ഇ.എഫ്.എം.എസ് തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ക്യാഷ് ബുക്ക് പ്രകാരം ഇത് 17223656/-രൂപയും വാർഷികകണക്ക് I – 14(a) പ്രകാരം 16570412 രൂപയുമാണ്.
3. താഴെ പറയുന്ന ഫണ്ടിനങ്ങളുടെ ചെലവുകൾ വാർഷിക കണക്ക്, എ.സി.ആർ എന്നിവ പ്രകാരം

പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷികകണക്ക് പ്രകാരം | എ.സി.ആർ പ്രകാരം |
|---|---|---|
| സി എഫ്.സി ടൈഡ് | 6744000 | 5358650 |
| സി എഫ്.സി അൺടൈഡ് | 4577334 | 6227748 |

4. ഡെപ്പോസിറ്റ്
   i. വിവിധ ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ചുള്ള വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
   ii. B-7 ഷെഡ്യൂൾ പ്രകാരം റോഡ് കട്ടിംഗ് ഡെപ്പോസിറ്റ് ഇനത്തിൽ 4574 രൂപ നീക്കിയിരിപ്പുണ്ട്. ഇത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
   iii. കോൺട്രാക്ടേഴ്സ് റീടെൻഷൻ ഡെപ്പോസിറ്റ് വരവ് RP-34 പ്രകാരം 87862 രൂപയും രജിസ്റ്റർ പ്രകാരം ഇത് 183278 രൂപയുമാണ്.
5. വാർഷിക കണക്കിലെ റസീപ്റ്റ് & പെയ്മെന്റിലെ (സംഗ്രഹം) തുകകൾ പൂർണ്ണ സംഖ്യയിലേയ്ക്ക് ക്രമപ്പെടുത്തിയിട്ടില്ല.
6. ബി4-ഷെഡ്യൂൾ പ്രകാരമുള്ള ഗ്രാന്റ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് എ.സി.ആർ. സൂക്ഷിക്കുന്നില്ല.
7. എല്ലാ ആസ്തികളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-12 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

സംസ്ഥാനത്തെ പ്രീപ്രൈമറികൾ ഉൾപ്പെടെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗമാണ്. ഇത്തരത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് എങ്ങനെയായിരിക്കണം എന്ന് വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുമുണ്ട്.

1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.09.2011 ലെ 42448/ഇ.ഡബ്ല്യു3/11/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

2) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.16 ലെ792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

3)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.07.2019 ലെ ഇ.ഡബ്ല്യു3/104/2019-ത.സ്വ.ഭ.വ നമ്പർ സർക്കുലർ

4) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.01.2020 ലെ ഇ.ഡബ്ല്യു3/330/2019/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ

5) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.02.21 ലെ ഇ.ഡബ്ല്യുഎ3/179/2020ത.സ്വ.ഭ.വ നമ്പർ സർക്കുലർ

സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് എങ്ങനെയായിരിക്കണം എന്നതിന് അടിസ്ഥാന നിർദ്ദേശങ്ങൾ നൽകിയത് 12.09.2011 ലെ മേൽ സൂചിപ്പിച്ച ഉത്തരവിലാണ് . 30.12.2016, 24.07.2019 തിയ്യതികളിലെ സർക്കുലറിൽ മേൽ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകി. ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

എ) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.

ബി) കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ്തന്നെ ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് Plan, Estimate, Structural Drawing, Soil Investigation Details എന്നിവ പരിശോധനക്ക് നൽകിയിരിക്കണം.

സി) എഞ്ചിനിയർമാരുടെ മേൽനോട്ടത്തിൽ മാത്രമെ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.

ഡി) സൂപ്പർവിഷൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്.

ഇ) ഫിറ്റ്നസ് ആവശ്യമായ എല്ലാ പ്രവൃത്തികളും രൂപകൽപ്പന മുതൽ പൂർത്തീകരണംവരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനിയറുടെ സാങ്കേതിക മേൽനോട്ടത്തിൽ തന്നെ നിർവഹിക്കേണ്ടതാണ്.

മേൽ ഉത്തരവുകളിൽ നിന്ന് താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാണ്.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.

2) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോട് കൂടി മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവൂ.

3) ആദ്യതവണ ഫിറ്റ്നസ് നൽകുമ്പോൾ നിശ്ചിത നിരക്കിൽ ഫീസ് ഈടാക്കണം.

പഞ്ചായത്ത് 2021-22 വർഷങ്ങളിൽ സ്കൂൾ ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ സർക്കാർ നിർദേശങ്ങൾ പാലിക്കാതെയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നത് എന്ന് വ്യക്തമാകുന്നു.

പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ നൽകുന്നു.

1. ഫിറ്റ്നസ് സർട്ടിഫിക്കറ്റിലോ അപേക്ഷയിലോ കെട്ടിടത്തിന്റെ നമ്പർ രേഖപ്പെടുത്തുന്നില്ല.

2) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണോ എന്ന് പരിശോധിക്കുന്നില്ല.

3) പഞ്ചായത്ത് നമ്പർ നൽകാത്ത അനധികൃത നിർമ്മിതികൾക്ക് ഉൾപ്പെടെ ഫിറ്റ്നസ് നൽകി.

4. ഫിറ്റ്നസ്സ് നൽകിയ ചില സ്ഥാപനങ്ങളുടെ സഞ്ചയപ്രകാരമുള്ള ഏരിയ ഫിറ്റ്നസ്സ് നൽകിയ ഏരിയയിലും കുറവാണ് , ചില സ്ഥാപനങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തിയതായും കാണുന്നില്ല.
ഉദാ-

| ക്രമ നമ്പർ | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് | ഫിറ്റ്നസ്സ് നൽകിയ ക്ലാസ്സറും വിസ്തീർണ്ണം Sqm | സഞ്ചയ പ്രകാരം സ്ഥാപനത്തിന്റെ വിസ്തീർണ്ണം(Sq M) |
|---|---|---|---|
| 1 | പി.പി.ടി.എം.വൈ.എച്ച്.എസ്.എസ്, ചേറൂർ | 3088.43 | 1640 |
| 2 | എ.യു.പി.സ്കൂൾ, എടക്കാപറമ്പ് | 2650.45 | സഞ്ചയയിൽ ടി സ്ഥാപനത്തെ ഉൾപ്പെടുത്തിയിട്ടില്ല. |
| 3 | എ.എം.എൽ.പി.എസ്, തോട്ടശ്ശേരിയറ | 737.37 | സഞ്ചയയിൽ ടി സ്ഥാപനത്തെ ഉൾപ്പെടുത്തിയിട്ടില്ല. |
| 4 | എം.എച്ച്.എം.എ.യു.പി.സ്കൂൾ, കിളിനക്കോട് | 616.6 | സഞ്ചയയിൽ ടി സ്ഥാപനത്തെ ഉൾപ്പെടുത്തിയിട്ടില്ല. |

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്. സ്കൂളുകളുടെ കെട്ടിട നമ്പർ സംബന്ധിച്ച വ്യക്തമായ വിവരം ലഭിക്കാത്തതിനാൽ മുഴുവൻ സ്കൂളുകളുടെയും കെട്ടിടങ്ങൾ പഞ്ചായത്തിൽ നിന്ന് നമ്പർ നേടി അധികൃതമാക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. മേൽ സ്ഥാപനങ്ങളിലെല്ലാം തന്നെ അംഗീകരിക്കപ്പെട്ടതിലും കൂടുതൽ വിസ്തൃതിയിൽ നിർമ്മാണം നടത്തിയതായാണ് ലഭ്യമാക്കിയ രേഖകളിൽ നിന്നും വ്യക്തമാവുന്നത്. സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുമ്പോൾ കെട്ടിടങ്ങൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ച് നിർമ്മിക്കപ്പെട്ടതാണോ എന്നും മുഴുവൻ കെട്ടിടങ്ങൾക്കും (സർക്കാർ/ എയ്ഡഡ്/ അൺഎയ്ഡഡ് ഉൾപ്പെടെ) നമ്പർ നൽകി അധികൃതമാക്കിയിട്ടുണ്ടോ എന്നും ബന്ധപ്പെട്ട എഞ്ചിനിയർ ഉറപ്പു വരുത്തേണ്ടതായിരുന്നു.

ഗ്രാമ പഞ്ചായത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ്സ് നൽകുമ്പോൾ കെട്ടിടങ്ങൾ പഞ്ചായത്ത് അനുമതിയോടെ നിർമ്മിച്ചതാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും പഞ്ചായത്തിൽ നിന്ന് അനുമതി തേടാതെയുള്ള നിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമം, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും അനധികൃത നിർമ്മാണമുണ്ടെങ്കിൽ ആയത് ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഇക്കാര്യത്തിലുള്ള തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വിവിധ പ്രൊജക്ടുകളിലായി KMSCLൽ നിന്നും 1,55,105/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിനായി KMSCLന് നൽകിയ നൽകിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.
1)

| | |
|---|---|
| പദ്ധതി നമ്പർ | : 53/2022 |
| പേര് | : കണ്ണമംഗലം പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക (₹) | : 4,28,000/- (വികസന ഫണ്ട് റോഡിതരം) |
| മരുന്ന് വാങ്ങുന്നതിനായി KMSCLന് നൽകിയ തുക (₹) | : 4,28,000/- (BRN : 21152052002400886367, Dt: 05.01.2022) |

മരുന്ന് ലഭ്യമാക്കിയതിന്റെ വിവരം :

| ക്രമ നം. | ഇൻവോയ്സ് നം./തീയ്യതി | തുക (₹) |
|---|---|---|
| 1 | 11951/28.01.2022 | 52,833 |
| 2 | 15249/29.03.2022 | 48,050 |
| 3 | 585/20.04.2022 | 56,946 |
| 4 | 3695/05.06.2022 | 70,626 |
| 5 | 8333/09.08.2022 | 52,914 |
| 6 | 9195/24.08.2022 | 9,886 |
| 7 | 10680/12.09.2022 | 51,368 |
| 8 | 11736/21.09.2022 | 9,727 |
| | ആകെ | 3,52,350 |

| | |
|---|---|
| മരുന്ന് ലഭ്യമാക്കാൻ അവശേഷിയ്ക്കുന്ന തുക (₹) | : 75,650/- |

2)

| | |
|---|---|
| പദ്ധതി നമ്പർ | : 52/2022 |
| പേര് | : പരിരക്ഷ പാലിയേറ്റീവ് പരിചരണം |
| അടങ്കൽ തുക (₹) | : 5,80,000/- (വികസന ഫണ്ട് പൊതു.) +<br>1,20,000/- (തനത് ഫണ്ട്)<br>2,50,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>9,50,000/- |
| മരുന്ന് വാങ്ങുന്നതിനായി KMSCLന് നൽകിയ തുക (₹) | : 3,00,000/- (BRN : 21152052002400730650, Dt: 01.12.2021) |

മരുന്ന് ലഭ്യമാക്കിയതിന്റെ വിവരം :

| ക്രമ നം. | ഇൻവോയ്സ് നം./തീയ്യതി | തുക (₹) |
|---|---|---|
| 1 | 11885/27.01.2022 | 1,559 |
| 2 | 14155/01.03.2022 | 26,416 |
| 3 | 3703/05.06.2022 | 39,608 |
| 4 | 3705/05.06.2022 | 49,387 |
| 5 | 3707/05.06.2022 | 22,808 |
| 6 | 3709/05.06.2022 | 13,415 |
| 7 | 3710/05.06.2022 | 16,636 |
| 8 | 8351/09.08.2022 | 11,460 |
| 9 | 9904/01.09.2022 | 4,466 |
| 10 | 10709/12.09.2022 | 58,762 |
| 11 | 11750/21.09.2022 | 4,819 |
| 12 | 12104/26.09.2022 | 3,361 |
| 13 | 12861/03.10.2022 | 1,556 |

| | | | |
|---|---|---|---|
| | | ആകെ | 2,54,253/- |

| | |
|---|---|
| മരുന്ന് ലഭ്യമാക്കാൻ അവശേഷിയ്ക്കുന്ന തുക (₹) | : 45,747/- |

3)

| | |
|---|---|
| പദ്ധതി നമ്പർ | : 123/2022 |
| പേര് | : പരിരക്ഷ പാലിയേറ്റീവ് പരിചരണം (സ്പിൽ ഓവർ) |
| അടങ്കൽ തുക (₹) | : 3,13,338/- (വികസന ഫണ്ട് പൊതു.) + 58,320/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) 3,17,658/- |
| മരുന്ന് വാങ്ങുന്നതിനായി KMSCLന് നൽകിയ തുക (₹) | : 1,80,878/- (BRN : 21152052002400730643, Dt: 01.12.2021) |
| മരുന്ന് ലഭ്യമാക്കിയതിന്റെ വിവരം | : (see table below) |
| മരുന്ന് ലഭ്യമാക്കാൻ അവശേഷിയ്ക്കുന്ന തുക (₹) | : 33,708/- |

| ക്രമ നം. | ഇൻവോയ്സ് നം./തീയ്യതി | തുക (₹) |
|---|---|---|
| 1 | 12017/29.01.2022 | 17,611 |
| 2 | 3697/05.06.2022 | 13,611 |
| 3 | 3698/05.06.2022 | 22,166 |
| 4 | 8341/09.08.2022 | 812 |
| 5 | 9897/01.09.2022 | 3,547 |
| 6 | 9903/01.09.2022 | 44,753 |
| 7 | 10690/12.09.2022 | 40,815 |
| 8 | 11743/21.09.2022 | 3,855 |
| | ആകെ | 1,47,170 |

പ്രോജക്ട് നം. 53/2022, 52/2022, 123/2022 എന്നിവ പ്രകാരം KMSCLൽ നിന്നും ലഭ്യമാക്കാൻ അവശേഷിയ്ക്കുന്ന ആകെ 1,55,105/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് സ്റ്റോക്കിലെടുത്തതിന്റെ വിവരവും, ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനായി കൈക്കൊണ്ട നടപടികളുടെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 28.10.2022 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം. 3/2021-22ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-14 കെൽട്രോണിൽ നിന്ന് പ്രിന്റർ ലഭ്യമാക്കുകയോ തുക തിരിച്ചടവാക്കുകയോ ചെയ്തില്ല- 24,356/- രൂപ തടസ്സം ചെയ്യുന്നു.

| | |
|---|---|
| പദ്ധതി നമ്പർ | : 177/2022 |
| പേര് | : കണ്ണമംഗലം പി.എച്ച്.സിയിലേയ്ക്കും ഡി.സി.സിയിലേയ്ക്കും ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : മെഡിക്കൽ ഓഫീസർ (PHC) |
| അടങ്കൽ തുക (₹) | : 6,00,000/- (തനത് ഫണ്ട്) |

കണ്ണമംഗലം പി.എച്ച്.സിയിലേയ്ക്ക് ലഭ്യമാക്കുന്നതിനായി CPRCS മുഖേന TVM/ITBG/PI/RC/33980/20-21, തീയ്യതി 25.01.2022 പ്രകാരം 24,356/- രൂപയുടെ A4-ഷീറ്റ് ഫെഡ് സ്കാനറിന്റെ പ്രൊഫോർമ ഇൻവോയിസ് ജനറേറ്റ്

ചെയ്തിട്ടുണ്ട്. 16.02.2022 തീയതിയിലെ 22100742 നമ്പർ വൗച്ചർ പ്രകാരം A4-ഷീറ്റ് ഫെഡ് സ്കാനറിന്റെ വിലയായി 24,356/- രൂപയും കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനായി 30,004/- രൂപയും ആയി ആകെ 54,360/- രൂപ കെൽട്രോണിന് കൈമാറുകയുണ്ടായി. എന്നാൽ ഈ ഉപകരണങ്ങൾ ലഭ്യമാക്കിയതിന് ശേഷം, A4-ഷീറ്റ്ഫെഡ് സ്കാനർ തിരിച്ചെടുത്ത് പകരം A4-മൾട്ടിഫങ്ഷൻ പ്രിന്റർ ലഭ്യമാക്കണമെന്ന് മെഡിക്കൽ ഓഫീസർ 205/2022, തീയ്യതി – 27.07.2022 കത്ത് പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ A4-ഷീറ്റ്ഫെഡ് സ്കാനർ 01.08.2022 തീയ്യതിയിൽ കെൽട്രോൺ തിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ ഇതിനു ശേഷം നാളിതുവരെ കെൽട്രോണിൽ നിന്നും A4-മൾട്ടിഫങ്ഷൻ പ്രിന്റർ ലഭ്യമാക്കിയതായോ, A4-ഷീറ്റ്ഫെഡ് സ്കാനറിന്റെ വിലയായ 24,356/- രൂപ തിരികെ അടവാക്കിയതായോ വിവരം ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള തുടർനടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 28.10.2022 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം. 5/2021-22ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രിന്റർ ലഭ്യമാക്കുകയോ തുക തിരികെ അടവാക്കുകയോ ചെയ്ത് രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 24,356/- രൂപ തടസ്സം ചെയ്യുന്നു.

## 1-15 പി.എച്ച്.സിയുടെ ആവശ്യത്തിനായി ഓടിയ വാഹനത്തിന് ക്വട്ടേഷൻ നിരക്കിൽ അധികമായി വാടക നൽകി

| | | |
|---|---|---|
| പദ്ധതി നമ്പർ | : | 54/2022 |
| പേര് | : | രോഗപ്രതിരോധ കുത്തിവെയ്പ്പും ദേശീയ ആരോഗ്യ പരിപാടി ശാക്തീകരണവും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ (PHC) |
| അടങ്കൽ തുക (₹) | : | 74,800/- (വികസന ഫണ്ട് പൊതു)<br>90,000/- (തനത് ഫണ്ട്)<br>1,64,800/- |
| ചെലവ് തുക (₹) | | |

| ക്രമ നം. | വൗച്ചർ നം/തീയ്യതി | തുക (₹) | ഫണ്ട് |
|---|---|---|---|
| 1 | 22100862/05.08.21 | 23,400 | വികസനഫണ്ട് |
| 2 | 22100881/01.11.2021 | 33,400 | വികസനഫണ്ട് |
| 3 | 22100888/03.11.2021 | 18,000 | വികസനഫണ്ട് |
| 4 | 22100631/03.01.22 | 17,000 | തനത് ഫണ്ട് |
| 5 | 22100665/20.01.22 | 12,800 | തനത് ഫണ്ട് |
| 6 | 22100717/14.02.22 | 17,300 | തനത് ഫണ്ട് |
| 7 | 22100847/16.03.22 | 9,200 | തനത് ഫണ്ട് |
| 8 | 22101073/31.03.22 | 7,200 | തനത് ഫണ്ട് |
| | ആകെ | 1,38,300 | |

കണ്ണമംഗലം പി.എച്ച്.സിയുടെ രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രതിദിനം 900 രൂപ വാടകയിൽ യാത്രാസൗകര്യം ഒരുക്കുന്നതിനായി ശ്രീ. കൃഷ്ണൻ. പി. പി, പൂച്ചോലമാട് എന്നവരുടെ KL10 G 5049 നമ്പർ ജീപ്പ് ക്വട്ടേഷൻ മുഖേന തിരഞ്ഞെടുത്തിട്ടുള്ളതാണ്. എന്നാൽ ടിയാൾക്ക് പല ദിവസങ്ങളിലും ഇതിൽ കൂടുതൽ തുക വാടകയായി നൽകിയതായി രേഖകളിൽ കാണുന്നു. കൂടാതെ ഒരേ ദിവസം തന്നെ നടത്തിയ ഒന്നിലധികം യാത്രകൾക്ക് പ്രത്യേകമായി വാടക നൽകിയിരിക്കുന്നതായും കാണുന്നു ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തീയ്യതി | നൽകിയ തുക (₹) | ആവശ്യം |
|---|---|---|---|
| 1 | 23.08.2021 | 1,400 | Vaccine Transportation |
| 2 | 09.09.2021 | 2,400 | Team Members Transportation For Vaccination Camp |
| 3 | 23.09.2021 | 2,400 | Team Members Transportation For Vaccination Camp |
| 4 | 25.09.2021 | 1,600 | Team Members Transportation For Vaccination Camp |
| 5 | 07.10.2021 | 1,000 | Vaccination Camp |
| | | 300 | Test Kit Transportation |
| 6 | 08.10.2021 | 1,000 | Vaccination Camp |
| | | 300 | Test Kit Transportation |
| 7 | 20.10.2021 | 1,000 | Vaccination Camp |
| 8 | 21.10.2021 | 900 | Immunization |
| | | 300 | Test Kit Transportation |

പ്രതിദിന വാടക 100 രൂപ വർധിപ്പിച്ച് തരണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കൃഷ്ണൻ. പി. പി. 10.08.2021 തീയ്യതിയിൽ അപേക്ഷ സമർപ്പിച്ചത് ഫയലിൽ ലഭ്യമാണ്. ഈ ആവശ്യം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെങ്കിൽ കമ്മിറ്റി തീരുമാനത്തിന്റെ വിവരം അറിയിക്കുന്നതിനും, ഏതെല്ലാം സാഹചര്യങ്ങളിൽ വാഹനത്തിന് ഉയർന്ന നിരക്കിൽ വാടക നൽകാം എന്നത് സംബന്ധിച്ച് ക്വട്ടേഷൻ നോട്ടീസിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ 28.10.2022 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം. 8/2021-22ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. കണ്ണമംഗലം പി.എച്ച്.സിയുടെ രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഓടിയ വാഹനത്തിന്, അംഗീകരിച്ച ക്വട്ടേഷൻ നിരക്കിനേക്കാൾ കൂടിയ വാടക നൽകിയത് സംബന്ധിച്ച് വിശദീകരണം ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-16 പോഷകാഹാര വിതരണം - അപാകതകൾ

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് നം : 22/2021-22 അംഗനവാടി അനുപൂരക പോഷകാഹാര പരിപാടി

മൊത്തം അടങ്കൽ : 633700/-

ചെലവ് : 633700/-

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 38 അംഗൻവാടികളിൽ വിതരണം ചെയ്യുന്നതിനായി വട്ടപൊന്ത അന്നപൂർണ്ണ ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ നൽകുന്നു.

| ക്രമ | ചെലവഴിച്ച | വൗച്ചർനം/ ബിൽ നം | തുക്കം | അന്നപൂർണ്ണ ന്യൂട്രിമിക്സ് |
|---|---|---|---|---|

| നം | തുക | തീയതി | Kg. | യൂണിറ്റിനു നൽകിയ തുക (ജി. എസ്.ടി ഒഴികെ) |
|---|---|---|---|---|
| 1 | 1513120 | 2332874/25.8.21 | 3131.5 | 219205 |
| | | | 3131.5 | 219205 |
| | | | 3334 | 233380 |
| | | | 3402 | 238140 |
| 2 | 1073983 | 3/26.8.21 | 3577.5 | 250425 |
| 3 | 531306 | 7/16.10.21 | 3240 | 226800 |
| | | | 3496 | 244720 |
| 4 | 1296528 | 10/17.1.22 | 3159 | 221130 |
| | | | 2929.5 | 205065 |
| 5 | 731183 | 19/18.2.22 | 2780.5 | 194635 |
| | | | 2646 | 185220 |
| | | | 2700 | 189000 |
| ആകെ | | | 37527.5 | 2626925 |
| TDS 2% | | | | 52,538 രൂപ |

പ്രൊജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. അംഗനവാടി പൂരകപോഷകാഹാരം - ജി.എസ്.ടി.യിൻമേൽ ടി.ഡി.എസ്. ഈടാക്കിയില്ല.

CGSTനിയമം, സെക്ഷൻ 51 അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം. 50/2018 പ്രകാരം 250000ത്തിനു മുകളിലുള്ള പർചേയ്സിന് ജി.എസ്.ടി.യിൻ മേൽ 2% ടി.ഡി.എസ്. കുറവു ചെയ്യേണ്ടതാണ്. എന്നാൽ മേൽ പർചേയ്സുകളിന്മേൽ ഇപ്രകാരം ടി.ഡി.എസ്. കുറവു ചെയ്തിട്ടില്ല.

2. ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത വട്ടപൊന്ത അന്നപൂർണ്ണ ന്യൂട്രിമിക്സ് യൂണിറ്റ്, എന്ന സ്ഥാപനത്തെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ സ്ഥാപനവുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് കരാർ ചമച്ചിട്ടുമില്ല.

3. ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു.അംഗനവാടികളിലേയ്ക്ക് വിതരണം ചെയ്യുന്ന ഭക്ഷണസാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

അപാകതകൾ പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.18/29.10.22ന് ലഭ്യമാക്കിയതിന് അടുത്ത വർഷം മുതൽ Tds ഈടാക്കുന്നതാണെന്നും ന്യൂട്രിമിക്സ് സാമ്പിളുകളുടെ രണ്ട് മാസത്തിലൊരിക്കലുള്ള ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ക്രമ നം (1), (3) അപാകതകൾക്ക് മറുപടി ലഭ്യമാക്കി. മലപ്പുറം ജില്ലാ കുടുംബശ്രീ മിഷൻ കോഓർഡിനേറ്ററുടെ ഉത്തരവു പ്രകാരമാണ് അംഗനവാടികളിൽ വിതരണം നടത്തുന്നതിന് ന്യൂട്രിമിക്സ് യൂണിറ്റിനെ നിശ്ചയിച്ചിട്ടുള്ളത് എന്ന് ക്രമ നം (2) അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ നിശ്ചയിക്കപ്പെട്ട യൂനിറ്റുകൾക്ക് പഞ്ചായത്തുമായി കരാർ ചമക്കുന്നതിന് സർക്കാർ ഇളവുകൾ നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് -അനുവദനീയമായതിലും കൂടുതൽ തുക നൽകി

പ്രൊജക്ട് : 48/22 മെറിറ്റോറിയൽ സ്കോളർഷിപ്പ് (എസ്.സി)

അടങ്കൽ : 785000/- (Plan- SCP)

ചെലവ് : 785000/-

1. 22101019/31.10.21 (565000/-)
2. 22100977/20.11.2021 (80000/-)
3. 22101010/05.01.2022 (140000/-)

2021-22 ൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച ഈ പ്രോജക്ട് പ്രകാരം എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ (സ.ഉ (കൈ) നം. 22/2018/തസ്വഭവ, തിരുവനന്തപുരം, തിയ്യതി 14.02.2018 പ്രകാരം) വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന പരമാവധി സ്കോളർഷിപ്പ് തുക എത്രയാണെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ പ്രോജക്ടു പ്രകാരം താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് സബ്സിഡി മാർഗ്ഗരേഖയിൽ അനവദനീയമായ പരമാവധി തുകയിലും അധികമായി തുക നൽകിയതായി കാണുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥി | പഠിക്കുന്ന കോഴ്സ് | അനുവദനീയമായ തുക | നൽകിയ തുക |
|---|---|---|---|---|
| 1 | ശ്രീ സ്നേഹ.സി ചെമ്പട്ട | B Tech - Civil Engineering | 25000 | 30000 |
| 2 | ശ്രീ ആദർശ് എ.പി, അരീക്കാട്ട് പറമ്പിൽ | B Tech - Marine Engineering | 25000 | 30000 |
| 3 | ശ്രീ അതുൽ സഞ്ചു. സി , ചാലിൽ | B Tech - Civil Engineering | 25000 | 30000 |
| 4 | ശ്രീമതി സോന സി , ചാലിൽ | B Tech - Civil Engineering | 25000 | 30000 |
| 5 | ശ്രീമതി സ്വാതി സി , ചാലിൽ | B Tech - Civil Engineering | 25000 | 30000 |

സബ്സിഡി മാർഗ്ഗരേഖക്ക വിരുദ്ധമായി അധികം തുക നല്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 01/2020-21/21.10.2022) ക്രമ നമ്പർ 2 ഒഴികെയുള്ളവർ അധികം കൈപ്പറ്റിയ തുക തിരിച്ചടവാക്കി രശീതി ഹാജരാക്കുകയും ശ്രീ ആദർശ് എ. പി, അരീക്കാട്ട് പറമ്പിൽ എന്നവർ തുക തിരിച്ചടവാക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. തുക തിരിച്ചടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. ആയതുവരെ ചെലവ് തുക 5000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-18 അഗതി രഹിത കേരളം - ചലഞ്ച് ഫണ്ട് ചെലവഴിച്ചില്ല.

ഗ്രാമ പഞ്ചായത്തിന്റെ അഗതിരഹിത കേരളം പദ്ധതി പ്രകാരം 127 കുടുംബങ്ങൾക്കാണ് ഭക്ഷണകിറ്റ് നൽകി വരുന്നത്. 2021-22 വർഷത്തിൽ വൗച്ചർ നമ്പർ : 22101027/23.03.2022 പ്രകാരം അഗതി കേരളം പദ്ധതിക്കായി ലഭ്യമായ ചലഞ്ച് ഫണ്ട് വിഹിതം 977363/- രൂപ കുടുംബശ്രീ ബാങ്ക് അക്കൗണ്ടിലേക്ക് സെക്രട്ടറി മാറി നൽകിയിട്ടുണ്ട്. ആയതിന്റെ ചെലവു വിവരം പരിശോധിച്ചതിൽ നാളിതുവരെ ആയി 352500/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്ന വ്യക്തമായി. ടി തുക 2021 ഡിസംബർ വരെയുള്ള ഭക്ഷണ കിറ്റുകൾ നൽകുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. അതിനുശേഷം നാളിതുവരെയുള്ള കിറ്റുകൾ നൽകിയിട്ടില്ല. ലഭ്യമാക്കിയ ചലഞ്ച് ഫണ്ട് വിഹിതത്തിൽ ബാക്കി നിൽക്കുന്ന 6624863/- രൂപ ഉൾപ്പെടെ 678839/- രൂപ നിലവിൽ അക്കൗണ്ടിൽ ബാക്കി നിൽക്കുന്നുണ്ട്. ദുർബല വിഭാഗത്തിൽ പെട്ട ആശ്രയ പദ്ധതി ഗുണഭോക്താക്കൾക്ക് അക്കൗണ്ടിൽ തുക ഉണ്ടായിട്ടും യഥാസമയം ഭക്ഷണകിറ്റുകൾ വിതരണം ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 21/2020-21 /28.10.2022) മറുപടി ലഭ്യമാക്കിയില്ല. ഭക്ഷണകിറ്റ് വിതരണം പൂർത്തീകരിച്ച് തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 സോളാർ സിസ്റ്റം സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് : 227/22 പഞ്ചായത്ത് ഓഫീസിൽ സോളാർ സിസ്റ്റം സ്ഥാപിക്കൽ

അടങ്കൽ : 713735/- (ധനകാര്യകമ്മീഷൻ അവാർഡ്) + 155903 (തനത്)

ചെലവ് : 713735/- (ധനകാര്യകമ്മീഷൻ അവാർഡ്) ( വൗച്ചർ നമ്പർ : 22100841/14.03.2022)

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് ഓഫീസിൽ സോളാർ സിസ്റ്റം സ്ഥാപിക്കുന്നതിന് മേൽ വൗച്ചർ പ്രകാരം അനർട്ടിന് തുക നൽകിയിട്ടുണ്ട്. 16.03.2022ന് അനർട്ടുമായി ചമച്ച കരാർ നിബന്ധന 4 പ്രകാരം കരാർ വെച്ച് 6 മാസത്തിനകം പണി പൂർത്തീകരിച്ച് നൽകുന്നതാണെന്നതാണ് നിബന്ധന. എന്നാൽ ഓഡിറ്റ് തിയ്യതി വരെയും സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും മുൻകൂർ നൽകിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് മുമ്പാകെ ഹാജരാക്കേണ്ടതുമാണ്

അനർട്ടിന്റെ 08.12.2021ലെ 04/GEN/ANERT/MLPM/2021 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 869638/- രൂപയാണ് എസ്റ്റിമേറ്റ് തുക. ടി തുകയിൽ കെ.എസ്.ഇ.ബി ക്ക് ഫീസിബിലിറ്റി, രജിസ്ട്രേഷൻ ഫീ എന്നീ ഇനങ്ങളിൽ നൽകേണ്ട 7080 രൂപ കൂടി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ കരാർ വെക്കുന്നതിന് കെ.എസ്.ഇ.ബി യുടെ ഫീസിബിലിറ്റി വേണം എന്ന് അറിയിച്ചതിനാൽ ആയതിനായി 1180/- രൂപ കെ.എസ്.ഇ.ബി യിൽ അടവാക്കിയതായി ഫയലിൽ കാണുന്നു. അനർട്ടിന് തുക നൽകുമ്പോൾ ടി തുക ഒഴിവാക്കി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. അനർട്ടിന്റെ ജില്ലാ എഞ്ചിനീയർ 28.10.2021 ന് അയച്ച 18/dw/ANERT(MPM)/2021 നമ്പർ കത്ത് പ്രകാരം 2022 മാർച്ചിനു മുൻപ് അനർട്ടിന്റെ ജില്ലാ ഓഫീസുകൾ വഴി ഡെപ്പോസിറ്റ് പ്രവൃത്തിയായി സ്ഥാപിക്കുന്ന പവർ പ്ലാന്റുകൾക്ക് 10% ഇൻസെന്റീവ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും 16.03.2022ന് കരാർ വെച്ചിട്ടുള്ളതിനാൽ അർഹമായ 10% ഇൻസെന്റീവ് തുക പഞ്ചായത്തിന് ലഭ്യമാവുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 10/2020-21/28.10.2022)
പദ്ധതി പൂർത്തീകരണ വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 713935/- രൂപ തടസ്സം ചെയ്യുന്നു.

## 1-20 മുൻകൂർ പണമടച്ചിട്ടും കമ്പ്യൂട്ടർ ലഭ്യമായില്ല.

നിർവ്വഹണം : വി.ഇ.ഒ

പ്രൊജക്ടിന്റെ പേര് : വി.ഇ.ഒ ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ

പ്രൊജക്ട് നം : 21/2021-22

അടങ്കൽ : 70000/- (തനത്)

ചെലവ് : 39797/- (ചെക്ക് നം 1913710, തീയതി 31.3.22)

മേൽ പ്രൊജക്ട് പ്രകാരം, വി.ഇ.ഒ ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനുവേണ്ടി കെൽട്രോണിന് 39797 രൂപ അടവാക്കിയിട്ടുണ്ട്. സർക്കാർ പോർട്ടലുകളിൽ നിന്നും വാങ്ങുന്നതിനാണ് പ്രൊജക്ട്. എന്നാൽ മേൽ ഉപകരണങ്ങൾ നാളിതു വരെ ലഭ്യമായില്ല.

കെൽട്രോണിൽ നിന്നും മേൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം നിലവിൽ അറിയിയ്ക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.13/29.10.22 നുള്ള മറുപടിയിൽ നിലവിൽ നിരക്കിൽ വ്യത്യാസമുണ്ടെന്നും അധികതുക അടവാക്കുന്ന മുറയ്ക്ക് കമ്പ്യൂട്ടർ ലഭ്യമാക്കുന്നതാണ് എന്ന് കെൽട്രോൺ അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. കമ്പ്യൂട്ടർ ലഭ്യമായതിന്റെ ഇൻവോയ്സ് സഹിതമുള്ള വിവരം, സ്റ്റോക്ക്

വിവരം എന്നിവ ലഭ്യമാക്കി അറിയിക്കുന്നതുവരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-21 കണ്ടിജൻ്റ് ചെലവുകൾക്കായി നൽകിയ മുൻകൂർ തുക ക്രമീകരിച്ചതിൽ ഒരേ ബില്ലിനു രണ്ടു തവണ തുക നൽകി

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം കൃഷി ഓഫീസിലെ ദൈനംദിന ചെലവുകൾക്കായി മുൻകൂർ തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക |
|---|---|---|
| 1 | 22100232/15.07.2021 | 10000 |
| 2 | 22100393/30.09.2021 | 10000 |

മേൽ മുൻകൂറുകൾ അഡ്ജസ്റ്റ് ചെയ്തതായി കാണിച്ച് ലഭ്യമാക്കിയ വൗച്ചറുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം ചെലവഴിച്ച തുകകൾ രണ്ടു തവണ നൽകിയതായി കാണുന്നു.

| ക്രമ നമ്പർ | തുക | റിമാർക്സ് |
|---|---|---|
| 1 | 800 | 2400 Kg നെല്ല് ഇറക്കിയതിന് ശ്രീ അബ്ദുള്ളക്കോയ എന്നവർക്ക് 12.07.2021 ലെ വൗച്ചർ പ്രകാരം നൽകിയത് |
| 2 | 405 | Passion Fruit, Mango,Rose Apple എന്നിവ ഇറക്കിയതിന് ശ്രീ അബ്ദുള്ളക്കോയ എന്നവർക്ക് 13.07.2021 ലെ വൗച്ചർ പ്രകാരം നൽകിയത് |
| 3 | 170 | Coconut Seedlings ഇറക്കിയതിന് ശ്രീ അബ്ദുള്ളക്കോയ എന്നവർക്ക് 27.07.2021 ലെ വൗച്ചർ പ്രകാരം നൽകിയത് |
| ആകെ | 1375 | |

മേൽ തുക രണ്ടു തവണ നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/2020-21/31.10.2022) അധികം നൽകിയ തുക ക്രമീകരിക്കുന്നതാണെന്ന മറുപടിയാണ് കൃഷി ഓഫീസർ നൽകിയത്. തുക 1375/- രൂപ തിരിച്ചടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 വിനിയോഗ വിവരം ലഭ്യമായില്ല- തുക തടസ്സം ചെയ്യുന്നു

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ വഴി ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം / പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവുന്നത് വരെ ചെലവ് തുക 36,50,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-22-1 മലപ്പുറം ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണ പൂർത്തീകരണം

| പ്രോജക്ട് | തുക | ബിൽ നമ്പർ/വൗച്ചർ നമ്പർ/തിയ്യതി | റിമാർക്സ് |
|---|---|---|---|
| 298/22 മലപ്പുറം ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണ പൂർത്തീകരണം- തുക നൽകൽ | 265000 Plan Fund General | 22101120 Dated 07.02.2022 | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയത് |

## 1-22-2 കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക നൽകി

| പ്രോജക്ട് | തുക | ബിൽ നമ്പർ/വൗച്ചർ നമ്പർ/തിയ്യതി | റിമാർക്സ് |
|---|---|---|---|
| 310/22 കോക്ലിയാർ ഇംപ്ലാന്റ് - മെയിന്റനൻസ് - കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക നൽകൽ | 50000 Plan Fund General | 22100956 Dated 16.02.2022 | കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയത് |

## 1-22-3 വിവിധ വാർഡുകളിലേക്ക് കുടിവെള്ള പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കൽ- വാട്ടർ അതോറിറ്റിക്ക് തുക നൽകി

| പ്രോജക്ട് | തുക | ബിൽ നമ്പർ/വൗച്ചർ നമ്പർ/തിയ്യതി | റിമാർക്സ് |
|---|---|---|---|
| 175/22 വിവിധ വാർഡുകളിലേക്ക് കുടിവെള്ള പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കൽ | 3310000/- ധനകാര്യ കമ്മീഷൻ അവാർഡ് | 22100672/28.01.2022 | വാട്ടർ അതോറിറ്റിക്ക് കൈമാറിയ തുക |

## 1-22-4 പഞ്ചായത്ത് ഭവൻ നിർമ്മാണ ഫണ്ട് നൽകി വിനിയോഗ വിവരം ഇല്ല

| ബിൽ നമ്പർ/വൗച്ചർ നമ്പർ/തിയ്യതി | തുക | റിമാർക്സ് |
|---|---|---|
| 22100597/22.12.2021 | 25000/- | പഞ്ചായത്ത് ഭവൻ നിർമ്മാണ ഫണ്ട് , കേരള പഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിക്ക് നൽകിയത് |

## 1-23 ഭവനനിർമാണം പൂർത്തീകരിച്ചില്ല.

നിർവ്വഹണം : വി.ഇ.ഒ

പ്രൊജക്ടിന്റെപേര് : ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമാണം എസ്.സി.പി

പ്രൊജക്ട് നം : 243/2021-22

അടങ്കൽ : 28746465 (പ്ലാൻ എസ്.സി.പി)

ചെലവ് : 13951314/-

വി.ഇ.ഒ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റ പ്രകാരം 2021-22 വർഷത്തിൽ 71 ഗുണഭോക്താക്കൾക്ക് ഭവനനിർമാണത്തിന് തുക അനുവദിച്ചിട്ടുണ്ട് . എന്നാൽ ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന 17 ഗുണഭോക്താക്കൾ വീട്ടുപണി പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|
| 1 | കൃഷ്ണൻ. പി പറമ്പൻ ഹൗസ് , മുട്ടം പുറം, കണ്ണമംഗലം | 3,60,000 |
| 2 | ലിജിത, ചാലിൽ ഹൗസ്,നെല്ലിയ്ക്കാപറമ്പ് | 3,00,000 |
| 3 | ശാരദ, പുല്ലാട്ടുപടിയ്ക്കൽ,പൂച്ചോലമാട് | 3,60,000 |
| 4 | സുരേന്ദ്രൻ,കാളംചിറ ഹൗസ്,കണ്ണമംഗലം | 3,60,000 |
| 5 | പ്രജീഷ്, കുർക്കം പറമ്പിൽ തോട്ടശ്ശേരിയറ | 3,60,000 |
| 6 | ദിലീപ്, കുറ്റിയിൽ, മുല്ലപ്പടി കണ്ണമംഗലം | 3,60,000 |
| 7 | നീലാണ്ടൻ, അരിക്കാട്ടുപറമ്പിൽ നെച്ചിക്കാട്ടുകുണ്ട്. | 3,60,000 |
| 8 | മണി. കാഞ്ഞോളിപടിയ്ക്കൽ, മുട്ടം പുറം, കണ്ണമംഗലം | 3,60,000 |
| 9 | കൊലത്തി കാഞ്ഞോളിപടിയ്ക്കൽ , മുട്ടം പുറം, കണ്ണമംഗലം | 3,60,000 |
| 10 | ലീല ഇല്ലിയേങ്ങൽ ചേറൂർ കണ്ണമംഗലം | 3,60,000 |
| 11 | കൃഷണൻ. കെ.പി കാഞ്ഞോളിപടിയ്ക്കൽ , മുട്ടം പുറം, കണ്ണമംഗലം | 3,00,000 |
| 12 | ദ പ്രദീപ്, കുറ്റിയിൽ പാലയ്ക്കാവളപ്പിൽ കണ്ണമംഗലം | 3,60,000 |
| 13 | സതീഷ് തോന്നിപറമ്പിൽ, മുല്ലപ്പടി കണ്ണമംഗലം | 3,60,000 |
| 14 | വിപിൻ പനയ്ക്കൽ തോട്ടശ്ശേരിയറ കണ്ണമംഗലം | 3,20,000 |
| 15 | ചക്കി ,പറമ്പൻ ഹൗസ് കഴകൻചിന | 3,60,000 |
| 16 | ചക്കിക്കുട്ടി മണ്ണിൽ അംബേദ്ക്കർ കോളനി | 3,60,000 |
| 17 | ജയേഷ് കെ.പി കണ്ണം പാറമ്മൽ.ഇകെ പടി | 3,60,000 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.16/29.10.22)

## 1-24 കൃഷി ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ ലഭ്യമായില്ല.

നിർവ്വഹണം : കൃഷി ഓഫീസർ

പ്രൊജക്ടിന്റെ പേര് : കൃഷി ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

പ്രൊജക്ട് നം : 289/2021-22

അടങ്കൽ : 90000 (തനത്)

ചെലവ് : 85598/- (ചെക്ക് നം, 1913312 തീയതി 22.03.22)

മേൽ പ്രൊജക്ട് പ്രകാരം, കൃഷി ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനു വേണ്ടി കെൽട്രോണിന് 85598 രൂപ അടവാക്കിയിട്ടുണ്ട്. പ്രഫോർമ ഇൻ. നം 36684/21.3.2022പ്രകാരം 42799രൂപ നിരക്കിൽ 2 ഡെസ്ക്ക് ടോപ്പുകൾ വാങ്ങുന്നതിനാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ പ്രഫോർമ ഇൻവേയ്സ് പ്രകാരമുള്ള ഡെസ്ക്ക് ടോപ്പുകൾ നാളിതു വരെ കെൽട്രോണിൽ നിന്നും ലഭ്യമായില്ല.

ഡെസ്ക്ക് ടോപ്പുകൾ കെൽട്രോണിൽ നിന്നും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിററ് എൻക്വയറി നം. 14 /29.10.22 നുള്ള മറുപടിയിൽ നിലവിൽ ഡെസ്ക്ക് ടോപ്പുകൾ സ്റ്റോക്കിലില്ലെന്ന് കെൽട്രോൺ അറിയിച്ചിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ കെൽട്രോണിന് അടവാക്കിയ 85598 രൂപ റീഫണ്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിന് കെൽട്രോൺ മേധാവിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട് . തുടർനടപടി വിവരം പ്രഥമ മറുപടിയിൽ ലഭ്യമാക്കി അറിയിക്കുന്നതുവരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-25 അസി. എഞ്ചിനീയറുടെ ട്രഷറി ടി.എസ്.ബി .അക്കൗണ്ടിൽ വിതരണം ചെയ്യാത്ത പണം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ തുക നിക്ഷേപിക്കുന്നതിനും കരാറുകാർക്ക് നൽകുന്നതിനും വേണ്ടി ട്രഷറിയിൽ ഒരു ടി.എസ്.ബി. അക്കൗണ്ട് (അക്കൗണ്ട് നമ്പർ- 799011400002020) നിലവിൽ സൂക്ഷിച്ച് വരുന്നുണ്ട്. 11.3.2022 ന് ട്രഷറി അക്കൗണ്ടിൽ 65,554 രൂപ നീക്കിയിരിപ്പ് ഉണ്ട്. നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

ട്രഷറി അക്കൗണ്ടിലെ പണമിടപാടുകൾ പരിശോധിച്ചതിൽ കരാറുകാർക്ക് നൽകാൻ സെക്രട്ടറി കൈമാറുന്ന പണം കരാറുകാരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് കാലതാമസം വരികയും പണം വിതരണം ചെയ്യാതെ ട്രഷറി അക്കൗണ്ടിൽ അവശേഷിക്കുന്നതായും കാണുന്നു.

ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

1. 9.12.2020 ന് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത 42119 രൂപ 12.10.2021 തിയ്യതിയിലാണ് കരാറുകാരന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തത്. 5.10.2021 നാണ് പ്രസ്തുത തുക ക്യാഷ് ബുക്കിൽ വരവായി ചേർത്തിട്ടുള്ളത്. ജി.എൽ.പി.എസ്, എടക്കാപറമ്പിൽ വാഷ് ബേസിനും സോക്ക് പിറ്റും സ്ഥാപിക്കൽ എന്ന പ്രോജക്ട് (പ്രോ.നം.270/21) നിർവ്വഹണത്തിന് ശ്രീ. നൗഷാദലി. വി. എന്ന കരാറുകാരന് നൽകിയതായിട്ടാണ് ക്യാഷ് ബുക്കിൽ ചേർത്തിട്ടുള്ളത്.

2 . 26.8.2021 ന് ചെക്ക് നമ്പർ -79703 പ്രകാരം 100000 രൂപ പിൻവലിച്ചതായി കാണുന്നു. ആയത് ഏത് പ്രോജക്ടിന് വേണ്ടി പിൻവലിച്ചുവെന്ന് വ്യക്തതയില്ല. (5.8.2021 ന് 100000 രൂപ ക്യാഷ് ബുക്കിൽ വരവ് കാണിച്ചിട്ടുണ്ട്. എന്നാൽ ട്രഷറി പാസ് ബുക്കിൽ ടി തുക വരവ് വന്നിട്ടില്ല. കഴുകൻചിന പൂവൻതടം റോഡ് നിർമ്മാണം (പ്രോജക്ട് നമ്പർ- 94/20) എന്ന പ്രോജക്ട് നിർവ്വഹണത്തിന് ശ്രീ. പി.കെ സൈഫുള്ള എന്ന കരാറുകാരന് നൽകിയതായിട്ടാണ് ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

4. 31.1.2022 ന് ക്യാഷ് ബുക്കിൽ തനത് ഫണ്ടിനത്തിൽ 138124 രൂപ വരവായും ചെലവായും കാണിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ട്രഷറി പാസ്ബുക്കിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

വർഷങ്ങൾക്ക് മുമ്പ് നൽകിയ പണമാണ് ക്രമ നമ്പർ-1, 2 എന്നിവ പ്രകാരം നൽകിയതെന്ന് വ്യക്തമാകുന്നു. ക്യാഷ്ബക്കിലും പാസ്ബുക്കിലുമുള്ള രേഖപ്പെടുത്തലുകളിൽ പൊരുത്തക്കേട് കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും അക്കൗണ്ടിലേക്ക് കൈമാറുന്ന പണം കരാറുകാർക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ട്രാൻസ്ഫർ ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നതിനും കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 15/29.10.202ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതയ്ക്ക് വസ്തുതാപരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പൊതു പണം കൈകാര്യം ചെയ്യുമ്പോൾ പണാപഹരണം, പണം തിരിമറി എന്നിവക്കുള്ള സാധ്യതകൾ വരാതെ അതീവ സൂക്ഷ്മത പുലർത്തേണ്ടതാണ്. നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കേണ്ടതും ആയത് വിതരണം ചെയ്യാനാവുന്നില്ലെങ്കിൽ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുമാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 എം.സി.എഫ്. നിർമ്മാണം പാതി വഴിയിൽ- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ 20-21 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ആരംഭിച്ച മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെൻററിന്റെ (എം.സി.എഫ്.) നിർമ്മാണം പാതി വഴിയിൽ നിൽക്കുകയാണ്. 2021-22 വർഷത്തിൽ ചുവടെ ചേർത്തിട്ടുള്ള വിധം 4 പ്രോജക്ടുകളിലായി 32,06,347 രൂപ വകയിരുത്തിയിരുന്നു. 21,88,789 രൂപ ചുറ്റുമതിൽ, സൈറ്റ് ലവൽ ചെയ്യൽ, കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികൾക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേരും നമ്പറും | അടങ്കൽ തുക | 2021-22 വർഷത്തിൽ ചെലവഴിച്ച തുക |
|---|---|---|---|
| 1 | എം.സി.എഫ്. പൂർത്തീകരണവും അനുബന്ധ പ്രവൃത്തികളും 162/22 (സ്പിൽ ഓാവർ ) | 7,07,555 | തൻവർഷം ചെലവഴിച്ചില്ല. |

| | | | |
|---|---|---|---|
| 2 | എം.സി.എഫ് സെന്ററിന് ചുറ്റുമതിലും ഗേറ്റും (156/22സ്പിൽ ഓാവർ | 30,00,000 | 2,98,678 |
| 3 | എം.സി.എഫ്. ചുറ്റുമതിൽ പൂർത്തീകരണവും അനുബന്ധ പ്രവൃത്തികളും 277/22(New) | 6,80,000 | 6,10,595 |
| 4 | എം.ഡി.എഫ് ചുറ്റുമതിൽ (രണ്ടാം ഘട്ടം) 306/22 (New) | 2,35,391 | തൻവർഷം ചെലവില്ല |
| 5 | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ കെട്ടിട നിർമ്മാണം 133/22(സ്പിൽ ഓാവർ) | 12,83,401 | 1279516 |
| | ആകെ | 32,06,347 | 21,88,789 |

എന്നാൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ടെങ്കിലും സൈറ്റിലെ അവസ്ഥ വെച്ച് എം.സി.എഫ്. പ്രവർത്തനക്ഷമമാക്കുന്നതിന് വൻ തുക ഇനിയും ചെലവഴിക്കേണ്ട അവസ്ഥയാണുള്ളതെന്ന് 27.10.2022 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ബോധ്യപ്പെട്ടു . കളക്ഷൻ സെന്റർ നിർമ്മിക്കുന്നതിനും സൈറ്റ് ലവൽ ചെയ്യുന്നതിനും വളരെ ഉയരത്തിൽ കരിങ്കൽ കെട്ടും ആർ.സി.സി.ബെൽറ്റും ചെയ്ത് ഫില്ലിംഗ് ചെയ്യേണ്ടതുണ്ട്. റോഡ്, വെള്ളം തുടങ്ങിയ അനിവാര്യ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുമുണ്ട്. എം.സി.എഫ് പ്രവർത്തനക്ഷമമാക്കുന്നതിന് ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-27 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- അവലോകനം

2021-22 വർഷം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി സ്പിൽഓവർ ഉൾപ്പെടെ ആകെ 134 പദ്ധതികൾ തയ്യാറാക്കിയതിൽ

83 പ്രൊജക്റ്റുകൾ നടപ്പിലാക്കി.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 134 | ആകെ അടങ്കൽ | 3,45,30,379 |
| നടപ്പിലാക്കിയത് | 83 | ചെലവ് | 1,63,82,686 |
| ശതമാനം | 62 | ചെലവ് ശതമാനം | 47 |

മരാമത്ത് പദ്ധതി തയ്യാറാക്കുന്നതിലും നിർവ്വഹണത്തിലും കണ്ടെത്തിയ ന്യൂനതകൾ ചുവടെ കൊടുക്കുന്നു.

1. പ്രൊജക്റ്റുകളുടെ എണ്ണം കൂടുതൽ - വളരെയധികം നിർവ്വഹിക്കപ്പെടാതെ പോകുന്നു .
ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 134 പ്രോജക്റ്റുകളാണ് നിർവ്വഹണത്തിന് ഏറ്റെടുക്കുന്നത്. ഏറ്റെടുത്ത പ്രോജക്റ്റുകളിൽ 51 എണ്ണം നിർവ്വഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു. പ്രോജക്റ്റുകൾ രൂപം

കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ്. നിരവധി ജീവനക്കാരുടെ അധ്വാനവും പൊതു ധനവും പൊതു സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയുമാണ് ഓരോ പ്രൊജക്ടും തയ്യാറാക്കുന്നത്. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ നിർവ്വഹണം നടത്താതെ വരുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപ്പെടുത്തുന്നതിനും വകയിരുത്തിയ ഫണ്ട് ലാപ്സാകുന്നതിനും ഇടയാക്കുന്നു.

ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിക്കുന്നത് പ്രോജക്ടുകളുടെ എണ്ണം കൂട്ടുന്നതിന് ഇടയാക്കുന്നതായി വ്യക്തമാവുന്നു. ഫലപ്രദമായ രീതിയിൽ മോണിറ്ററിങ്ങ് , സൂപ്പർവിഷൻ എന്നിവ നടത്താൻ സാധ്യമല്ലാത്ത വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കൂട്ടുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നതാണ്. ലഭ്യമായ ഫണ്ട് ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനും ഏറ്റെടുക്കുന്ന പ്രവൃത്തികൾ എല്ലാം തൻവർഷം തന്നെ പൂർത്തിയാക്കുന്നതിനും പ്രായോഗിക സമീപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

2. പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിന ് മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല .

പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാക്കുന്നതിന് അതാത് സ്റ്റാൻറിംഗ് കമ്മിറ്റികൾ നേതൃത്വപരമായ ഇടപെടൽ നടത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം നിരീക്ഷണവിധേയമാക്കേണ്ടതുമാണ്.

3. ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല .

13- പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ( ജി.ഒ.(എം.എസ്.72/2017/ത.സ്വ.ഭ.വ, തീയതി-29-3-2017) ഓരോ തദ്ദേശ ഭരണസ്ഥാപനവും മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ ഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് റോഡ്/ റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഇത്തരത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ആശുപത്രികളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ആശുപത്രി പ്രദാനം ചെയ്യുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ആസ്തി സംരക്ഷണ പദ്ധതിയുടെ അഭാവത്താൽ ഉണ്ടാവുന്നില്ല

മേൽ പോരായ്മകൾ ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-28 ടേക്ക്.എ. ബ്രേക്ക് ടോയ്ലറ്റ്- ജല ലഭ്യത ഉറപ്പ് വരുത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്ത് സ്റ്റേഡിയത്തിൽ ടേക്ക്.എ. ബ്രേക്ക് പദ്ധതിയിലുൾപ്പെടുത്തി 550739 രൂപ ചെലവഴിച്ച് ടോയ്ലറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.(പ്രോജക്ട് നമ്പർ-165/22). എന്നാൽ ഓഡിറ്റ് ടീം 28.10.2022 ന് സ്ഥല പരിശോധന നടത്തിയതിൽ ടോയ്ലറ്റിൽ ജലം ലഭ്യമായിട്ടില്ലെന്ന് ബോധ്യപ്പെട്ടു. വെള്ളം ലഭ്യമല്ലാത്തതിനാൽ ടോയ്ലറ്റ് വൃത്തിഹീനമായ അവസ്ഥയിലാണ് കാണപ്പെട്ടത്. പഞ്ചായത്ത് സ്റ്റേഡിയത്തിൽ നിർമ്മാണം പൂർത്തീകരിച്ച ടർഫിൽ കളികൾ സംഘടിപ്പിക്കുന്നതിനാൽ വളരെയധികം ആളുകൾ ഗ്രൗണ്ടിൽ ദിനേന വരുന്നുണ്ട്. അവർക്ക് പ്രാഥമികാവശ്യത്തിന് മറ്റ് സൗകര്യങ്ങൾ ഇല്ലാത്തതിനാൽ വെള്ളമില്ലാതെ ടോയ്ലറ്റ് ഉപയോഗപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. ആയതിനാൽ ജല ലഭ്യത അടിയന്തിരമായി ഉറപ്പ് വരുത്തേണ്ടതുണ്ട്. കൂടാതെ സ്റ്റേഡിയവും പരിസരവും വൃത്തിയാക്കുന്നതിനും ടോയ്ലറ്റിന്റെ നടത്തിപ്പിനും കുടുബശ്രീ യൂണിറ്റിനെയോ മറ്റോ ഏൽപിക്കാവുന്നതുമാണ്. തുടർ നടപടിക്ക് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-29 മിനി ഡയറി യൂണിറ്റ് - ചെലവിന് ആധികാരികമായ രേഖകൾ ഇല്ല

നിർവ്വഹണം- ഡയറി എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് - മിനി ഡയറി യൂണിറ്റ് ആധുനികവൽക്കരണം

പ്രോജക്ട് നമ്പർ- 236/22

ബിൽ നമ്പർ-1/2021-22, തി-13.1.2022, 125000 രൂപ

ബിൽ നമ്പർ-2/2021-22, തി-31.1.2022, 63750രൂപ

ബിൽ നമ്പർ-3/2021-22, തി-16.3.2022, 17250 രൂപ

ആകെ 206000

മേൽ പ്രോജക്ട് പ്രകാരം 8 ഗുണഭോക്താക്കൾക്ക് 25000 രൂപ വീതവും ഒരാൾക്ക് 6000 രൂപയും ധനസഹായമായി അനുവദിച്ചിട്ടുണ്ട്. കറവ മെഷിൻ, ചാണകക്കുഴി നിർമ്മാണം, ഹൈപ്രഷർ വാഷർ, തൊഴുത്തിൽ മാറ്റ് വിരിക്കൽ എന്നിവയ്ക്കാണ് വിവിധ ഗുണഭോക്താക്കൾക്ക് ധന സഹായം അനുവദിച്ചിട്ടുള്ളത്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു

1. പദ്ധതി മാർഗ്ഗരേഖ പ്രകാരം ചുരുങ്ങിയത് 5 പശുക്കളെങ്കിലും ഉള്ളവർക്കാണ് ഈ ധന സഹായത്തിന് അർഹതയുള്ളത്. എന്നാൽ ധന സഹായം കൈപറ്റിയ ഗുണഭോക്താക്കൾ ഇപ്രകാരം പശുക്കളെ വളർത്തുന്നവരാണെന്ന് നിർവ്വഹണോദ്യോഗസ്ഥനോ ഉത്തരവാദപ്പെട്ടവരോ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. രണ്ട് ഗുണഭോക്താക്കൾക്ക് കറവ യന്ത്രം വാങ്ങിയതിനാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഐ.എസ്.ഐ മുദ്രയുള്ളത് വാങ്ങണമെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ വാങ്ങിയത് ഇത്തരത്തിലുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. മാറ്റ് വിരിക്കൽ, ചാണകക്കുഴി നിർമ്മിക്കൽ, ഹൈപ്രഷർ വാഷർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടത്തിയതായി നിർവ്വഹണോദ്യോഗസ്ഥനോ വാർഡ് മെമ്പറോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പദ്ധതി മോണിറ്ററിംഗ് നടത്തിയതായി വിവരവുമില്ല

ആയതിനാൽ തന്നെ ഗുണഭോക്താവ് നൽകിയ ആധികാരികമല്ലാത്ത രേഖകളുടെ പിൻബലത്തിലാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 20/ 29.10.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവിന് ആധികാരികമായ രേഖകൾ ഇല്ലാത്തതിനാൽ ചെലവ് തുക 2,06,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-30 അസി. എഞ്ചിനീയറുടെ രേഖകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവയുടെ സൂക്ഷിപ്പിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ക്യാഷ് ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകളോ സാക്ഷ്യപ്പെടുത്തലുകളോ വരുത്തുന്നില്ല..

അസി.എഞ്ചിനീയർ ക്യാഷ്ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും പണമിടപാടുകൾ യഥാസമയം രേഖപ്പെടുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ക്യാഷ് ബുക്കിൽ ദൈനംദിന ക്ലോസിംഗ് നടത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. വരവുകൾ യഥാസമയം വരവായി അക്കൗണ്ട് ചെയ്യുന്നില്ല. ചെലവുകൾ അക്കൗണ്ട് ചെയ്യുന്നതിലും പൊരുത്തക്കേടുകളുണ്ട്.

ഉദാ-a). 5.10. 2021 ന് 42119 രൂപ ക്യാഷ് ബുക്കിൽ തനത് ഫണ്ട് വരവായി ചേർത്തിട്ടുണ്ട്. എന്നാൽ പാസ്ബുക്ക് പ്രകാരം ടി- തിയ്യതിയിൽ ഇപ്രകാരം വരവില്ല. പാസ്ബുക്കിൽ പ്രസ്തുത തുക 9.12.2020 ലാണ് വരവ് വന്നിട്ടുള്ളത്.

B). 5.8.2021 ന് ക്യാഷ് ബുക്കിൽ 100000 രൂപ വരവ് വന്നതായി കാണിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ടി- തിയ്യതിയിൽ പാസ്ബുക്കിൽ വരവില്ല.

C) 31.1.22 ന് 138124 രൂപ വരവായും ചെലവായും കാണിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇടപാട് പാസ്ബുക്കിൽ ഇല്ല.

2. എഗ്രിമെന്റ് റജിസ്റ്റർ, ടെണ്ടർ റജിസ്റ്റർ എന്നിവയിലും ടെണ്ടർ ഷെഡ്യൂളുകളിൽ കരാറുകാർ ക്വാട്ട് ചെയ്ത നിരക്കുകളും സാക്ഷ്യപ്പെടുത്തലുകൾ വരുത്തുന്നില്ല.

3. എഗ്രിമെന്റിന് ശേഷം സൈറ്റ് ഹാൻഡ്ഓവർ ചെയ്യുന്നതിന്റെയും പണി പൂർത്തീകരിച്ച് സൈറ്റ് ക്ലീൻ ചെയ്ത് തിരികെ ഏൽപ്പിക്കുന്നതിന്റെയും രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല.

4. കരാറുകാരും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. കരാർ രജിസ്റ്ററിലും കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed Date Of Completion) രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ കഴിയാതെ വരുന്നു.

5. കേരള പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

ശരിയായ രീതിയിലല്ലാതെ ക്യാഷ് ബുക്കും മറ്റ് രേഖകളും കൈകാര്യം ചെയ്യുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ- 24/31.10.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-2022 | 21.10.2022 മുതൽ 31.10.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ നം, പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 691125 | പ്രൊ.നം.25/2021-22 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 691125 | 0 |
| ജില്ലാ പഞ്ചായത്ത് | 127500 | പ്രൊ.നം.62/2021-22 നെൽ കൃഷിക്ക് കൂലിചെലവ്പ്രൊ.നം.24പരിരക്ഷ | 127500 | 0 |
| ജില്ലാ പഞ്ചായത്ത് | 4680000 | പ്രൊ.നം.243/2021-22 ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമാണം Scp | 4680000 | 0 |
| വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | 320000 | ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമാണം Pപ്രൊ.നം.16/2021-22 | 320000 | |
| വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | 200000 | പ്രൊ.നം.23/2021-22 അങ്കണവാടി പോഷകാഹാരം പാലിന് സബ്സിഡി | 200000 | 0 |
| വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | 691125 | പ്രൊ.നം.25/2021-22 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 691125 | 0 |
| വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | 172608 | പ്രൊ.നം.226 പരിരക്ഷ | 172608 | 0 |
| വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | 3530000 | പ്രൊ.നം.243/2021-22 ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമാണം Scp | 3530000 | 0 |
| വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | 42694 | പ്രൊ.നം.226 പരിരക്ഷ പാലിയേറ്റീവ് പരിചരണം | 42694 | 0 |

| | | | | |
|---|---|---|---|---|
| വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | 180000 | പ്രൊ.നം.62/2021-22 നെൽ കൃഷിക്ക് കൂലിചെലവ്പ്രൊ.നം.24പരിരക്ഷ | 180000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 246/22 – കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 22000672, തീയ്യതി 08.01.2022 | 3310000 | 0 | 3310000 |
| ഭൂജല വകുപ്പ്, മലപ്പുറം | 165/22 – ടേയ്ക്ക് എ ബ്രേയ്ക്ക് | 22101071, തീയ്യതി 15.03.2022 | 550739 | 0 | 550739 |
| അനെർട്ട് | 292/22 – സോളാർ പാനൽ | 22100841, തീയ്യതി 15.03.2022 | 713735 | 0 | 713735 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (Sanctioned) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി (കെ.യു.ആർ.എഫ്.ഡി.സി.) | ലഭ്യമല്ല | 1340992 | 578326.00 | 425334 | 0 | 152992 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-1 | 2007-08 | --- | ഡെപ്പോസിറ്റ് വർക്ക് ബാക്കി തുക തിരികെ ലഭിച്ചില്ല | നടപടി തുടരുന്നു |
| 2011-12, 2012-13 | 3-1 | 2015-16 | --- | അക്കൗണ്ടിംഗ് സമ്പ്രദായം | നടപടി തുടരുന്നു |
| 2014-15 | --- | 2016-17 | 2(1) | തൊഴിൽ നികുതി അപാകങ്ങൾ | നടപടി തുടരുന്നു |
| | | | 2(2) | വസ്തുനികുതി ഈടാക്കിയതിൽ 10698/- രൂപയുടെ കുറവ്. | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 173975771.95 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 145075484 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4724486 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 24356 | ഡോ. ജിഷ നഹർ മുസ്തഫ<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-17 | 5000 | ശ്രീ. ഭാസ്കരൻ. പുളിക്കാതി<br>അസിസ്റ്റന്റ് സെക്രട്ടറി |
| 1-19 | 713735 | ശ്രീ. രമേഷ് പി , സെക്രട്ടറി |
| 1-20 | 39797 | ശ്രീ. മനോജ്., വി.ഇ.ഒ |
| 1-22-1 | 265000 | ശ്രീ. രമേഷ് പി , സെക്രട്ടറി |
| 1-22-2 | 50000 | ശ്രീ. രമേഷ് പി , സെക്രട്ടറി |
| 1-22-3 | 3310000 | ശ്രീ. രമേഷ് പി , സെക്രട്ടറി |
| 1-22-4 | 25000 | ശ്രീ. രമേഷ് പി , സെക്രട്ടറി |
| 1-24 | 85598 | ശ്രീ. ജംഷീദ്. കെ., കൃഷി ഓഫീസർ |
| 1-29 | 206000 | ശ്രീമതി. നസീമ. കെ., ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 47,24,486 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ.എം.പി.എം.14/1036/18 തിയ്യതി 14.06.2018 | 2 |
| 2003-04 | കെ.എസ്.എ.എം.പി.എം.14/1036/18 തിയ്യതി 14.06.2018 | 7 |
| 2004-05 | കെ.എസ്.എ.എം.പി.എം.14/1036/18 തിയ്യതി 14.06.2018 | 1 |
| 2005-06 | എൽ എഫ് എം 14/2562/2011 തിയ്യതി 24.02.2010 | 12 |
| 2006-07 | എൽ എഫ് എം 14/668/10 തിയ്യതി 23.05.2011 | 25 |
| 2007-08 | എൽ എഫ് എം 14/1021/2011 തിയ്യതി 19.11.2011 | 12 |
| 2008-09 To 2010-11 | എൽ എഫ് എം 14/195/2013 തിയ്യതി 01.06.2013 | 27 |
| 2011-12, 2012-13 | കെ എസ് എ എം പി എം 14/3096/15 തിയ്യതി 04.07.2018 | 19 |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.14/2140/16 തിയ്യതി 03.06.2017 | 6 |
| 2015-16 | കെ.എസ്.എ.എം.പിഎം.14/3000/16 തീയതി 06.02.2018 | 3 |
| 2016-17 | കെ.എസ്.എ.എം.പിഎം.14/1785/17 തീയതി 22.06.2018 | 14 |
| 2017-18 | കെ.എസ്.എ.എം.പിഎം.14/222/19 തീയതി 01.06.2019 | 19 |
| 2019-20 | കെ.എസ്.എ.എം.പിഎം.14/2557/19 തീയതി 14.11.2019 | 16 |
| 2020-21 | കെ.എസ്.എ.എം.പിഎം.14/1627/21 തീയതി, 3-11-21 | 16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്